ഗവൺമെന്റ് പ്രമേയം (ചട്ടം 118)

വിദേശ സംഭാവന (നിയന്ത്രണ) നിയമ ഭേദഗതി നിർദേശവും ചട്ട ഭേദഗതിയും പിൻവലിക്കൽ

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, "വിദേശ സംഭാവന നിയന്ത്രണ ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് കേന്ദ്രസർക്കാർ 2026 ജൂൺ 22-ന് പുറപ്പെടുവിച്ച ചട്ടങ്ങളിലെ (Foreign Contribution (Regulation) Amendment Rules, 2026) വ്യവസ്ഥകൾ രാജ്യത്തെയും പ്രത്യേകിച്ച് കേരളത്തിലെയും സാമൂഹിക, ആരോഗ്യ, വിദ്യാഭ്യാസ, കാരുണ്യ മേഖലകളിൽ പ്രവർത്തിക്കുന്ന സന്നദ്ധചാരിറ്റി സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ്. ദശാബ്ദങ്ങളായി പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ക്ഷേമം, വിദ്യാഭ്യാസം, ആരോഗ്യം, അശരണർക്കുള്ള ചികിത്സാ സഹായം, ഭിന്നശേഷിക്കാരുടെ പുനരധിവാസം, ദുരന്തനിവാരണ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ സർക്കാർ സംവിധാനങ്ങൾക്ക് വലിയ തോതിൽ പിന്തുണയേകുന്ന സേവനമാണ് സംസ്ഥാനത്തെ രജിസ്റ്റർ ചെയ്യപ്പെട്ട സന്നദ്ധ സംഘടനകൾ നിർവ്വഹിക്കുന്നത്.

സുതാര്യത ഉറപ്പാക്കാനെന്ന പേരിൽ വിദേശ സംഭാവന നിയന്ത്രണ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിയും പാർലമെന്റിൽ അവതരിപ്പിച്ച Foreign Contribution (Regulation) Amendment Bill, 2026-ലെ വ്യവസ്ഥകളും യഥാർത്ഥത്തിൽ സിവിൽ സൊസൈറ്റി സംഘടനകളുടെ സ്വയംഭരണാവകാശത്തെയും ജനാധിപത്യപരമായ പ്രവർത്തന സ്വാതന്ത്യത്തെയും ഇല്ലാതാക്കുന്നതാണ്.

പൊതുവായ ലക്ഷ്യങ്ങൾക്ക് വിദേശ സംഭാവന അനുവദിച്ചിരുന്നതിന് പകരം സാമൂഹികം, വിദ്യാഭ്യാസം, സാസ്കാരികം, സാമ്പത്തികം, മതം എന്നീ 5 വിഭാഗങ്ങളിലായി നിർദ്ദേശിച്ചിട്ടുള്ള 105 മേഖലകളിലേക്ക് സംഘടനകളുടെ പ്രവർത്തന മേഖല പരിമിതപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഒരു സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സംഘടനയ്ക്ക് മറ്റൊരു സംസ്ഥാനത്ത് പ്രവർത്തിക്കണമെങ്കിൽ വീണ്ടും രജിസ്ട്രേഷൻ എടുക്കണം എന്നതും സന്നദ്ധ പ്രവർത്തനങ്ങളെ പ്രായോഗികമായി തടസ്സപ്പെടുത്തുന്ന നിബന്ധനയാണ്.

സ്വീകരിക്കുന്ന വിദേശ ഫണ്ടിന്റെ ആദ്യ ഗഡു ഉപയോഗിച്ചുവെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടാൽ മാത്രമേ തുടർന്നുള്ള ഗഡുക്കൾ നൽകൂ എന്ന വ്യവസ്ഥ പദ്ധതികൾ കൃത്യസമയത്ത് പൂർത്തിയാക്കാൻ തടസ്സമാകുന്നതാണ്. ചട്ട ലംഘനം നടത്തിയാൽ ലഭിച്ച സംഭാവനയുടെ 30% വരെ കനത്ത പിഴ ഈടാക്കുമെന്ന വ്യവസ്ഥ ചെറിയ സാങ്കേതിക പിഴവുകളുടെ പേരിൽ പോലും മാതൃകാപരമായി പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളുടെയും സാമ്പത്തികഭദ്രത ഇല്ലാതാക്കുന്ന സമീപനമാണ്.

സംഘടനയുമായി ബന്ധപ്പെട്ട വ്യക്തികളുടെയും ഭാരവാഹികളുടെയും വ്യക്തിപരമായ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ, വെബ്സൈറ്റുകൾ എന്നിവ നിർബന്ധമായും വെളിപ്പെടുത്തണമെന്ന വ്യവസ്ഥ പൗരന്മാരുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണ്. സ്ഥാപനവുമായോ മാനേജ്മെന്റുമായോ ബന്ധപ്പെട്ടവരോ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പുസ്തകം, മാസിക, വാർത്ത മാധ്യമങ്ങളിലൂടെയുള്ള പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ നടത്തിയിട്ടുണ്ടെങ്കിൽ ഉള്ളടക്കത്തിന്റെ ചുരുക്കം ഉൾപ്പെടെ വിശദാംശങ്ങൾ നൽകണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭരണഘടന ഉറപ്പു നൽകുന്ന ആവിഷ്കാര സ്വാതന്ത്ര്യത്തിനുമേൽ ഭരണകൂട നിയന്ത്രണം ഏർപ്പെടുത്തുന്നതിന് സമാനമായ വ്യവസ്ഥയാണിത്.

'കീ ഫങ്ഷണറി' (Key Functionary) എന്ന പദത്തിന്റെ പരിധി ഡയറക്ടർമാർ, ട്രസ്റ്റിമാർ, പങ്കാളികൾ എന്നിവരിലേക്ക് വിപുലീകരിക്കുന്നതിലൂടെ ഭാരവാഹികൾക്കും ഡയറക്ടർമാർക്കും പുറമെ ട്രസ്റ്റിമാർ, പാർട്ണർമാർ എന്നിവരെക്കൂടി പരിധിയിൽ കൊണ്ടുവരികയും, നിയമലംഘനങ്ങൾക്ക് ഇവരെക്കൂടി ഉത്തരവാദികളാക്കി കടുത്ത ശിക്ഷാനടപടികൾക്ക് വിധേയമാക്കുകയും ചെയ്യുന്നു. സാങ്കേതികമായ എന്തെങ്കിലും നിയമലംഘനം നടന്നാൽ പോലും ഇവർ വ്യക്തിപരമായി ശിക്ഷിക്കപ്പെടാമെന്നത് സാമൂഹ്യ സേവന, സന്നദ്ധ പ്രവർത്തന രംഗത്തേക്ക് കടന്നുവരാൻ താൽപര്യപ്പെടുന്ന പ്രമുഖ വ്യക്തികളെയും വിദഗ്ധരെയും നിരുത്സാഹപ്പെടുത്തുന്ന സമീപനമാണ്.

2026-ലെ വിദേശ സംഭാവന (നിയന്ത്രണ) ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ പ്രകാരം ഒരു സംഘടനയുടെ എഫ്.സി.ആർ.എ. ലൈസൻസ് റദ്ദാക്കുകയോ, സസ്പെൻഡ് ചെയ്യുകയോ, പുതുക്കാതിരിക്കുകയോ ചെയ്താൽ, ആ സംഘടന വിദേശ ഫണ്ട് ഉപയോഗിച്ച്

നിർമ്മിച്ച ആസ്തികൾ ഏറ്റെടുക്കാൻ സർക്കാരിന് ഒരു ഡെസിഗ്നേറ്റഡ് അതോറിറ്റിയെ (Designated Authority) നിയമിക്കാവുന്നതാണ്. പ്രസ്തുത അതോറിറ്റിക്ക് ലൈസൻസ് റദ്ദാക്കപ്പെടുന്ന സംഘടനകളുടെ സ്വത്തുക്കൾ പൂർണ്ണമായി കണ്ടുകെട്ടാനും കൈകാര്യം ചെയ്യാനും വിൽക്കാനുമുള്ള വിപുലമായ അധികാരം നൽകുന്നു. കോടതിയുടെ മുൻകൂർ അനുമതിയോ കൃത്യമായ ജുഡീഷ്യൽ പരിശോധനയോ ഇല്ലാതെ, ഒരു ഭരണപരമായ ഉത്തരവിലൂടെ സംഘടനകളുടെ വർഷങ്ങളുടെ അധ്വാന ഫലം കൈക്കലാക്കുന്നത് സ്വാഭാവിക നീതിയുടെ ലംഘനവും നിയമവാഴ്ചയുടെ അടിസ്ഥാന സങ്കല്പങ്ങൾക്ക് വിരുദ്ധവുമാണ്.

വിദേശ ഫണ്ടുകൾ കൈമാറുന്നതിനും (Sub-Granting) ബാങ്ക് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിനും ഏർപ്പെടുത്തിയ കടുത്ത നിയന്ത്രണങ്ങൾ താഴെത്തട്ടിൽ ജനസേവനം നടത്തുന്ന ചെറുകിട കൂട്ടായ്മകളുടെ നിലനിൽപ്പിനെത്തന്നെ ബാധിച്ചിരിക്കുന്നു. നിയമവിരുദ്ധമായ ഫണ്ടിംഗുകൾ തടയപ്പെടേണ്ടതാണെന്ന കാര്യത്തിൽ തർക്കമില്ലെങ്കിലും, സുതാര്യമായി പ്രവർത്തിക്കുന്ന കാരുണ്യ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം പോലും പ്രായോഗികമായി അസാധ്യമാക്കുന്ന രീതിയിലാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ഇത്തരം കർശനമായ ഭേദഗതികൾ വഴി കോടിക്കണക്കിന് രൂപയുടെ വിദേശ സഹായമാണ് സാധാരണക്കാരായ ജനങ്ങളിലേക്ക് എത്താതിരിക്കുന്നത്. ഇത് സംസ്ഥാനത്തിന്റെ സാമൂഹിക വികസന സൂചികകളെപ്പോലും ദോഷകരമായി ബാധിക്കുന്നതാണ്.

'മതപരിവർത്തന ശ്രമങ്ങൾ' (Proselytisation) എന്ന വ്യക്തമായി നിർവചിക്കപ്പെടാത്ത പ്രയോഗം ചട്ട ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയിരിക്കുന്നത്, തദ്ദേശീയരുടെയും ആദിവാസികളുടെയും വിശ്വാസരീതികൾ, ആചാരങ്ങൾ, ആരാധനാ സമ്പ്രദായങ്ങൾ എന്നിവയിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നു എന്ന് ആരോപിച്ച് സന്നദ്ധ സംഘടനകളുടെ ലൈസൻസ് റദ്ദാക്കുവാൻ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടാവുന്നതാണ്. ഇത് പിന്നാക്ക, ട്രൈബൽ മേഖലകളിലെ ജീവകാരുണ്യ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ്.

ആയതിനാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 19, 25, 29 എന്നിവയിലെ വ്യവസ്ഥകൾ

ലംഘിക്കുന്നതും ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായതും രാജ്യത്ത് മാതൃകാപരമായി പ്രവർത്തിക്കുന്ന സന്നദ്ധ സേവന സംഘടനകളുടെ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കുന്നതുമായ വിദേശ സംഭാവന നിയന്ത്രണ നിയമ ഭേദഗതി നിർദേശവും (Foreign Contribution (Regulation) Amendment Bill, 2026) ചട്ട ഭേദഗതിയും (Foreign Contribution (Regulation) Amendment Rule, 2026) അടിയന്തരമായി പിൻവലിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: താഴെപ്പറയുന്ന അംഗങ്ങൾക്ക് പ്രമേയത്തിന്മേൽ ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. വി. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയ്ക്ക് പകരം ഇനിപ്പറയുന്ന ഖണ്ഡിക കൂട്ടിചേർക്കുക.

"FCRA ഭേദഗതി 2026 സുതാര്യതയ്ക്കും വിദേശ സംഭാവനകൾ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനും, വിദേശ സംഭാവനകൾ സ്വീകരിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ കൂടുതൽ വ്യക്തമാക്കുന്നതിനും ലക്ഷ്യമിടുന്നു."

(2) പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയ്ക്ക് പകരം ഇനിപ്പറയുന്ന ഖണ്ഡിക കൂട്ടിചേർക്കുക.

"പ്രവർത്തനരഹിതരമായ NGO കൾ FCRA ലൈസൻസ് നിലനിർത്തുന്നതിന് രണ്ട് സാമ്പത്തിക വർഷങ്ങളിലായി വിദേശ സംഭാവനയായി ലഭിച്ച തുകയിൽ 10 ലക്ഷം രൂപയെങ്കിലും ചെലവഴിച്ചിരിക്കണം എന്ന മാനദണ്ഡം വിദേശ പണം രാജ്യ വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പാക്കും."

(3) പ്രമേയത്തിലെ പത്താമത്തെ ഖണ്ഡികയ്ക്ക് പകരം ഇനിപ്പറയുന്ന ഖണ്ഡിക കൂട്ടിചേർക്കുക.

"മതപരിവർത്തനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളെ വ്യക്തമായി ഒഴിവാക്കിയതിലൂടെ ആദിവാസി-പിന്നാക്ക വിഭാഗങ്ങളുടെ അവകാശങ്ങൾ

സംരക്ഷിക്കപ്പെടുന്ന എന്ന് ഉറപ്പാക്കുന്നു."

(4) പ്രമേയത്തിലെ അവസാനത്തെ ഖണ്ഡികയ്ക്ക് പകരം ഇനിപ്പറയുന്ന ഖണ്ഡിക കൂട്ടിചേർക്കുക.

"ഇന്ത്യൻ പാർലമെന്റ് ഭൂരിപക്ഷാഭിപ്രായ പ്രകാരം പാസാക്കിയ നിയമത്തിനെതിരെ ഒരു നിയമസഭ രാഷ്ട്രീയ ലക്ഷ്യം വച്ച് പ്രമേയം പാസാക്കുന്നത് രാജ്യത്തിന്റെ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമാണ്."

ശ്രീ. പി. പ്രസാദ്: സർ, ബഹുമാന്യനായ മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തോട് യോജിച്ചുകൊണ്ടുതന്നെ ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡികയിലെ "ട്രസ്റ്റിമാർ, പാർട്ണർമാർ"എന്നീ വാക്കുകൾക്ക് ശേഷം ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിചേർക്കുക.

"ഹിന്ദു അവിഭക്ത കുടുംബ കാരണവർ, ഭരണ സമിതി അംഗങ്ങൾ, സംഘടനയെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നവർ"

(2) പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡികയുടെ അവസാന ഭാഗത്ത് വാക്യം കൂട്ടിചേർക്കുക.

"ഓരോ പ്രവർത്തന വിഭാഗത്തിനും ഓരോ സംസ്ഥാനത്തിനും പ്രദേശങ്ങൾക്കും പ്രത്യേകം രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതിനാൽ ഒന്നിലധികം മേഖലകളിലോ സംസ്ഥാനങ്ങളിലോ പ്രവർത്തിക്കുന്ന സംഘടനകൾക്ക് കൂടുതൽ രജിസ്ട്രേഷൻ ചെലവ് ഉണ്ടാകുന്നത് അവരെ ഈ പ്രവർത്തനങ്ങളിൽ നിന്ന് പിന്നോട്ടടിക്കും."

(3) പ്രമേയത്തിലെ പത്താമത്തെ ഖണ്ഡികയിലെ "ദുരുപയോഗം ചെയ്യപ്പെടാവുന്നതാണ്." എന്നീ വാക്കുകൾക്ക് ശേഷം ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിചേർക്കുക.

"സംഭാവനയെ നിയന്ത്രിക്കുന്നതിന് പകരം സംഘടനകളെ നിയന്ത്രിക്കുന്നത് ശരിയല്ല."

അറിയിപ്പ്

സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ധനവിനിയോഗ ബില്ലിന്റെ ചർച്ച ഒരു മണിക്ക് ആരംഭിക്കേണ്ടതാണ്. അതുകൊണ്ട് സമയം വേവ് ചെയ്യണം. സഭയുടെ പൊതുധാരണയുടെ അടിസ്ഥാനത്തിൽ സമയം വേവ് ചെയ്യാൻ തീരുമാനിക്കുന്നു.

ഗവൺമെന്റ് പ്രമേയം (ചട്ടം 118) തുടർച്ച

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. വി. മുരളീധരൻ അവതരിപ്പിച്ച 1, 2, 3, 4 എന്നീ നമ്പർ ഭേദഗതികൾ ഈ പ്രമേയത്തിന് എതിരായുള്ളതാണ്. പ്രമേയത്തിന്റെ അന്ത:സത്തയ്ക്ക് യോജിക്കാത്ത ഭേദഗതികളായതിനാൽ ശ്രീ. വി. മുരളീധരൻ അവതരിപ്പിച്ച ഭേദഗതികൾ സ്വീകരിക്കുന്നില്ല. ശ്രീ. പി. പ്രസാദ് അവതരിപ്പിച്ച ഒന്നാമത്തെ ഭേദഗതി സ്വീകരിക്കുന്നു. മറ്റുള്ള ഭേദഗതികൾ ഇതിന്റെ കണ്ടന്റിന്റെ ഭാഗമായി മറ്റൊരു സ്ഥലത്ത് ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ സ്വീകരിക്കുന്നില്ല. അതിനാൽ സ്വീകരിച്ച ഭേദഗതിയോടെ പ്രമേയം പാസാക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ച ശ്രീ. പി. പ്രസാദിന്റെ 1-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. പ്രസാദ് അങ്ങയുടെ മറ്റ് ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. പ്രസാദ് അവതരിപ്പിച്ച 2-ഉം 3-ഉം നമ്പർ ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. മുരളീധരൻ, അങ്ങയുടെ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. മുരളീധരൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

ശ്രീ. ബി. ബി. ഗോപകുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: പോളിങ് പ്രോസസിലേക്ക് കടക്കുകയാണ്, പോളിങ് ആരംഭിക്കുന്നു.

ഭേദഗതിയെ അനുകൂലിക്കുന്നവർ ' yes' .....

ശ്രീ. സജി ചെറിയാൻ: സർ, ...(മൈക്ക് ഓഫ്).....

മി. സ്പീക്കർ: ഭേദഗതിക്കാണ് പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. അത് വോട്ടിനിട്ട് നിരാകരിക്കുകയല്ലാതെ മാർഗമില്ല.....(ബഹളം)....

ശ്രീ. സജി ചെറിയാൻ: സർ, മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ചുകഴിഞ്ഞാൽ പ്രമേയത്തിനാണ് വോട്ട് രേഖപ്പെടുത്തേണ്ടത്.

മി. സ്പീക്കർ: പ്രമേയത്തിനാണ് വോട്ട് രേഖപ്പെടുത്തേണ്ടത്. എന്നാൽ പ്രമേയത്തിന്റെ ഭേദഗതിക്കാണ് ശ്രീ. ബി. ബി. ഗോപകുമാർ പോൾ ചോദിച്ചിട്ടുള്ളത്.

ശ്രീ. വി. മുരളീധരൻ അവതരിപ്പിച്ച ഭേദഗതിയോട് യോജിക്കുന്നവർ ' yes' എന്നും വിയോജിക്കുന്നവർ ' No' എന്നും രേഖപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇതിൽ ഒരു കൺഫ്യൂഷൺ ഉണ്ടായി. തുടക്കത്തിൽ പ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്യുന്നവർ 'Yes' എന്നും അല്ലാത്തവർ 'No' എന്നും വോട്ട് ചെയ്യാൻ പറഞ്ഞു. രണ്ടാമത് ശ്രീ. വി. മുരളീധരൻ അവതരിപ്പിച്ച ഭേദഗതിക്ക് വോട്ട് ചെയ്യാൻ പറഞ്ഞു. രണ്ടും വിപരീത കാര്യമാണ്. വോട്ടിങ്ങിൽ ' Yes' -ഉം 'No' -ഉം പരസ്പരം മാറി വന്നിട്ടുണ്ട്. അതിനാൽ ഈ പ്രൊസീഡ്യുവർ ആദ്യം മുതൽ ആരംഭിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. വി. മുരളീധരൻ അവതരിപ്പിച്ച ഭേദഗതികൾ അംഗീകരിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം ഭേദഗതി ചെയ്ത പ്രകാരം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. ബി.ബി. ഗോപകുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ

1. ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. കെ. എം. അഭിജിത്ത്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അബിൻ വർക്കി കോടിയാട്ട്
6. ശ്രീ. സി. അജയപ്രസാദ്
7. ശ്രീ. എൻ. കെ. അക്ബർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീമതി ഒ. എസ്. അംബിക
10. ശ്രീ. ജി. ആർ. അനിൽ
11. ശ്രീ. എ. പി. അനിൽ കുമാർ
12. ശ്രീ. അനൂപ് ജേക്കബ്
13. ശ്രീ. അൻവർ സാദത്ത്
14. ശ്രീ. അപൂ ജോൺ ജോസഫ്
15. ശ്രീ. എം. എസ്. അരുൺ കുമാർ
16. ശ്രീ. എ. കെ. എം. അഷ്റഫ്
17. ശ്രീ. ടി. പി. അഷ്റഫലി
18. ശ്രീ. എം. ആർ. ബൈജു
19. ശ്രീ. കെ. എൻ. ബാലഗോപാൽ
20. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
21. ശ്രീ. വി. ടി. ബൽറാം
22. ശ്രീ. പി. കെ. ബഷീർ
23. ശ്രീമതി ബിന്ദു കൃഷ്ണ
24. ശ്രീ. കെ. ബിനിമോൻ
25. ശ്രീ. സിറിയക് തോമസ്
26. ശ്രീ. ദീപക് ജോയ്
27. ശ്രീമതി ഫാത്തിമ തഹിലിയ
28. ശ്രീ. പി. കെ. ഫിറോസ്
29. ശ്രീ. ഫൈസൽ ബാബു
30. ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ
31. ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

32. ശ്രീ. സി. കെ. ഹരീന്ദ്രൻ
33. ശ്രീ. ടി. വി. ഇബ്രാഹിം
34. ശ്രീ. ഒ. ജെ. ജനീഷ്
35. ശ്രീ. കെ. യു. ജനീഷ് കുമാർ
36. ശ്രീ. സി. പി. ജോൺ
37. ശ്രീ. വി. ജോയി
38. ശ്രീ. ജ്യോതികുമാർ ചാമക്കാല
39. ശ്രീ. സി. കെ. കാസിം
40. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
41. ശ്രീ. വി. കുഞ്ഞികൃഷ്ണൻ
42. ശ്രീ. എം. ലിജു
43. ശ്രീ. പഴകുളം മധു
44. ശ്രീ. സി. ആർ. മഹേഷ്
45. ശ്രീ. പി. മമ്മിക്കുട്ടി
46. ശ്രീ. മാണി സി. കാപ്പൻ
47. ശ്രീ. മനോജ് മൂത്തേടൻ
48. ഡോ. മാത്യു കുഴൽനാടൻ
49. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
50. ശ്രീ. മുഹമ്മദ് ഷിയാസ്
51. ശ്രീ. ടി. ഒ. മോഹനൻ
52. ശ്രീ. കുറുക്കോളി മൊയ്തീൻ
53. ശ്രീ. മോൻസ് ജോസഫ്
54. ശ്രീ. മുഹമ്മദ് മുഹസിൻ
55. ശ്രീ. നജീബ് കാന്തപുരം
56. ശ്രീ. എം. എം. നസീർ
57. ശ്രീ. പി. കെ. നവാസ്
58. ശ്രീ. നീലകണ്ഠൻ
59. ശ്രീ. എ. പ്രഭാകരൻ
60. ശ്രീ. പി. പ്രസാദ്
61. ശ്രീ. പി. കെ. പ്രവീൺ
62. ശ്രീ. കെ. പ്രവീൺ കുമാർ
63. ശ്രീ. കെ. പ്രേമൻ
64. ശ്രീ. കെ. പ്രേംകുമാർ
65. ശ്രീ. എം. റഹ്മത്തുള്ള
66. ശ്രീ. കെ. രാജൻ
67. ശ്രീ. കാരായി രാജൻ
68. ശ്രീ. രാജൻ ജെ. പല്ലൻ

69. ശ്രീ. കെ. കെ. രാമചന്ദ്രൻ
70. ശ്രീ. രമേശ് ചെന്നിത്തല
71. ശ്രീ. രമേശ് പിഷാരടി
72. ശ്രീമതി രമ്യ ഹരിദാസ്
73. പ്രൊഫ. സി. രവീന്ദ്രനാഥ്
74. ശ്രീ. റെജി ചെറിയാൻ
75. ശ്രീമതി കെ. കെ. രമ
76. ശ്രീ. റോണി കെ. ബേബി
77. ശ്രീ. റോയ് കെ. പൗലോസ്
78. ശ്രീ. വി. പി. സജീന്ദ്രൻ
79. ശ്രീ. സജീവ് ജോസഫ്
80. ശ്രീ. സജി ചെറിയാൻ
81. ശ്രീ. പി. എം. എ. സമീർ
82. ശ്രീ. എൻ. ഷംസുദ്ദീൻ
83. ശ്രീ. സന്ദീപ് വാര്യർ
84. ശ്രീ. സി. വി. ശാന്തകുമാർ
85. ശ്രീ. ടി. എം. ശശി
86. ശ്രീ. വി. ഡി. സതീശൻ
87. ശ്രീ. എൻ. ശക്തൻ
88. ശ്രീമതി ഷാനിമോൾ ഉസ്മാൻ
89. ശ്രീ. ഷിബു ബേബി ജോൺ
90. ശ്രീ. വി. ടി. സൂരജ്
91. ശ്രീ. ജി. സ്റ്റീഫൻ
92. ശ്രീ. സുധീർഷാ പാലോട്
93. ശ്രീ. കെ. വി. സുമേഷ്
94. ശ്രീ. പി. പി. സുമോദ്
95. ശ്രീ. സണ്ണി ജോസഫ്
96. ശ്രീ. നാട്ടകം സുരേഷ്
97. ശ്രീ. എ. ഡി. തോമസ്
98. ശ്രീമതി കെ. എ. തുളസി
99. ശ്രീ. ടോണി ചമ്മണി
100. ശ്രീമതി ഉമ തോമസ്
101. ശ്രീ. ഉല്ലാസ് കോവൂർ
102. ശ്രീമതി ഉഷ വിജയൻ
103. ശ്രീ. കെ. കെ. വത്സരാജ്
104. ശ്രീ. വർഗ്ഗീസ് മാമ്മൻ
105. ശ്രീ. സേനാപതി വേണു

106. ശ്രീമതി വിദ്യാ ബാലകൃഷ്ണൻ
107. ശ്രീ. പിണറായി വിജയൻ
108. ശ്രീ. എം. വിൻസെന്റ്
109. ശ്രീ. വിന്റ ജോബ് കുഴിമണ്ണിൽ
110. ശ്രീ. വിഷ്ണു മോഹൻ
111. ശ്രീ. പി. സി. വിഷ്ണുനാഥ്
112. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. ബി. ബി. ഗോപകുമാർ
2. ശ്രീ. വി. മുരളീധരൻ

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയത്തെ
അനുകൂലിക്കുന്നവർ : 112
പ്രതികൂലിക്കുന്നവർ : 2
നിഷ്പക്ഷത പാലിക്കുന്നവർ: 0
ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ അംഗീകരിച്ചു.